# സഹപാഠികളോടൊത്ത്

കൂട്ടുകാരോട്,

വിട്ടുപിരിയാത്ത രണ്ടു കൂട്ടുകാരികളുണ്ടായിരുന്നു. അവരെ തമ്മിൽ പിണക്കാൻ ഒരുത്തി ചെയ്ത വേലയെന്താണെന്നറിയില്ലേ നിങ്ങൾക്ക്? കൂട്ടുകാരികളിൽ ഒരുവളെ അകലെക്ക് മാറ്റിനിറുത്തി അവളുടെ ചെവിയിൽ 'മണ്ണാങ്കട്ട' എന്നു പറഞ്ഞു അവൾ ഓടിപ്പോയി. ഇത് ഫലിച്ചു. കൂട്ടുകാരികൾ രണ്ടുപേരും തെറ്റി.

നമ്മുടെ മനസ്സുകളെല്ലാം ഒരുപോലെയല്ല. ചിലർക്ക് ചെറുത് മതിയാകും, അവർ വേഗം പിണങ്ങും. ചിലർക്ക് അതൊന്നും പ്രശ്നമാകില്ല. എന്തു ചെയ്താലും അവർ നമ്മുടെ പിന്നാലെയുണ്ടാകും.

കൂട്ടുകാരുടെയും സഹപാഠികളുടെയും ഈ തരത്തിലുള്ള പെരുമാറ്റത്തിനു മുമ്പിൽ നാം എന്തു ചെയ്യും? അതു മാത്രമല്ല, സഹപാഠികളോടൊത്തുള്ള ജീവിതത്തിൽ നാം സൂക്ഷിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണിവിടെ.

## തമ്മിൽ പിണങ്ങാറുണ്ടോ?

തന്റെ കൂട്ടുകാരനുമായി തനിക്ക് എപ്പോഴെങ്കിലും പിണങ്ങേണ്ടി വന്നിട്ടുണ്ടോ എന്ന് ഒരു നിമിഷം ആലോചിക്കുക. അതിന്റെ കാരണവും അതിൽ തനിക്കുണ്ടായിരുന്ന പങ്കും തെറ്റ് ആരുടെ ഭാഗത്തായിരുന്നുവെന്നും ഓർക്കുക. അൽപം തകരാറ് നമ്മുടെ ഭാഗത്തും സംഭവിച്ചിട്ടുണ്ടെന്ന് നമുക്ക് അപ്പോൾ മനസ്സിലാകും. ഈ അബദ്ധം ഇനി ഒരിക്കലും ആവർത്തിക്കാതിരിക്കുവാൻ നാം ശ്രമിക്കണം.

പിണക്കം ഒരുക്കലും നല്ലതല്ല. ഇണക്കമാണ് മനുഷ്യർക്ക് ദൈവം നിശ്ചയിച്ചിട്ടുള്ളത്. പിണക്കം പൈശാചികമാണ്.

കൂട്ടുകാരിൽ ആരോടെങ്കിലും പിണങ്ങിയാൽ പിന്നെ ചിന്ത അതെ പറ്റിയായിരിക്കും. പഠിക്കുവാനോ ക്ലാസിൽ ശ്രദ്ധിക്കുവാനോ സാധിക്കുകയില്ല.

ബന്ധങ്ങൾ കൈമുതലാകുന്നു. അതൊരിക്കലും നശിപ്പിക്കരുത്. ആർക്ക്, എപ്പോൾ, ഏത് ഘട്ടത്തിൽ പരസഹായം വേണ്ടിവരുമെന്ന് നമുക്ക് ഉറപ്പിച്ചു പറയാനാകില്ല. പരസ്പരമുള്ള ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. മനുഷ്യൻ സമൂഹജീവിയായതിനാലാണ് ബന്ധങ്ങളെ ആദരപൂർവം കാത്തുസൂക്ഷിക്കണമെന്ന് ദൈവം കൽപിച്ചത്.

ആരെയും പിണക്കരുത്. ഓരോരുത്തരുടെയും സ്വഭാവം എന്തെന്ന് ആദ്യം മനസ്സിലാക്കുക. അതിനനുസരിച്ച് പെരുമാറുക. എന്റെ സ്വഭാവത്തിനനുസരിച്ച് ആളുകൾ എന്നോട് പെരുമാറണം എന്ന് കരുതുന്നത് വിവരമില്ലായ്മയാണ്.

നമ്മുടെ സ്വഭാവത്തിൽ എപ്പോഴും ലാളിത്യം വേണം. വിട്ടുവീഴ്ച വേണം. താഴ്മ വേണം. സോറി എന്ന വാക്ക് നമുക്ക് അപരിചിതമാകരുത്. അത് നല്ല സ്വഭാവത്തിന്റെ ഭാഗമാകുന്നു. തന്റെ ഭാഗത്ത് അബദ്ധമൊന്നുമില്ല എന്ന് ബോധ്യപ്പെട്ടാൽ പോലും സോറി എന്നു പറയാൻ മടിക്കരുത്. ബന്ധങ്ങളെ കാത്തുസൂക്ഷിക്കുവാനുള്ള നല്ല മാർഗം അതാകുന്നു.

നന്മയിൽ മറ്റു കൂട്ടുകാരോടൊപ്പം സഹകരിക്കുക. നമ്മുടെ അഭിപ്രായം മുമ്പിൽ വെച്ചുകൊണ്ടുതന്നെ അവരുടെ അഭിപ്രായത്തെ മാനിക്കുക. തന്റെ അഭിപ്രായം മറ്റുള്ളവർ അംഗീകരിക്കണമെന്ന വാശി ഒഴിവാക്കുക.

നിസ്സാരകാര്യത്തിന്റെ പേരിൽ ആരുമായി വഴിക്കടിക്കരുത്. പിണങ്ങരുത്. അത് നമുക്ക് തന്നെ ദോഷമായി മാറും. അതോടൊപ്പം അവർ നാമുമായി പിണങ്ങുവാൻ ഒരു കാരണം നമ്മിൽനിന്ന് ഉണ്ടാകുകയും ചെയ്യരുത്. തമ്മിൽ പിണക്കം നല്ലതല്ല. അത് ദൈവം ഇഷ്ടപ്പെടാത്ത അപരാധമാകുന്നു.

## പരസ്പര സഹായവും സംസാര രീതിയും

മറ്റുള്ളവരെ സഹായിക്കാൻ അത്രയൊന്നും മനസ്സില്ലാത്ത ഒരു കൂട്ടുകാരനിൽനിന്ന് എന്തെങ്കിലുംസഹായംനമുക്ക്വേണം.''നിന്റെപേന/പുസ്തകം ഒന്ന് താ''എന്നു പറഞ്ഞാൽ അവൻ നിങ്ങളെ സഹായിക്കുകയില്ല. അതിനു പകരം ''അനിൽ, നിന്റെ പേന/പുസ്തകം കുറച്ചു നേരത്തേക്ക് ഒന്ന് തരമോ, പ്ലീസ്'' എന്നു ചോദിക്കുന്നതിൽ ഒരു ലാളിത്യവും അപേക്ഷാസ്വരവുമുണ്ട്. അതിനെ തള്ളിക്കളയാൻ പെട്ടെന്ന് ആർക്കും സാധിക്കുകയില്ല.

നാം സഹായം ആവശ്യപ്പെടുമ്പോൾ മറ്റുള്ളവർ അത് തള്ളിക്കളഞ്ഞെന്നിരിക്കും. അത് അവരുടെ മാത്രം തകരാറല്ല. നമ്മുടെ കൂടി കുറ്റം അതിലുണ്ടെന്ന് നാം മനസ്സിലാക്കുക. ചില തകരാറുകൾ താഴെ കൊടുക്കുന്നു:

1. നാം നമ്മുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിൽ അശ്രദ്ധരാകുന്നു. മറ്റുള്ളവർ അത് ഇഷ്ട പ്പെടുന്നുണ്ടാകില്ല. അവരുടെ സാധനവും അതുപോലെയാണ് നാം കൈകാര്യം ചെയ്യുക യെന്ന് അവർ ഭയപ്പെടുന്നു.
2. മറ്റുള്ളവരിൽനിന്ന് വാങ്ങിയ സാധനം പറഞ്ഞ സമയത്ത് തിരിച്ചുകൊടുക്കുന്നതിൽ നാം തീരെ ശ്രദ്ധിക്കാത്തവരാകുന്നു. അത് മറ്റുള്ളവരെ പ്രയാസപ്പെടുത്തുന്നുണ്ടാകും. അവരും അതിന് ആവശ്യക്കാരാണല്ലോ.
3. എന്ത് സാധനമാണോ നമുക്ക് മറ്റുള്ളവരിൽനിന്ന് ആവശ്യമായിട്ടുള്ളത് ആ സാധനം സ്ഥിരമായി നമുക്ക് ആവശ്യമുള്ളതും എന്നാൽ അത് വാങ്ങുന്ന കാര്യത്തിൽ നാം അല സരുമാണ്. സ്ഥിരമായി മറ്റുള്ളവരെ ആശ്രയിക്കുന്ന രീതി ആരും ഇഷ്ടപ്പെടുകയില്ല.
4. മറ്റുള്ളവരുമായുള്ള നമ്മുടെ സമീപനം അവർക്ക് ഇഷ്ടപ്പെടുന്ന തരത്തിലായിരിക്കുകയില്ല. അകമേ അവർ നമ്മെ വെറുക്കുന്നുണ്ടാകും.
5. മറ്റുള്ളവർ സഹായം ചോദിച്ചാൽ അത് കൊടുക്കുന്ന കാര്യത്തിൽ നാം വേണ്ടത്ര സന്മ നസ്സുള്ളവരാകണമെന്നില്ല. അതിനാൽ അവർ നമുക്കും തരികയില്ല.

ഇതരത്തിൽ പെട്ട വല്ല കാരണവും നമ്മിൽ ഉണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ അതുതന്നെയാകും മറ്റുള്ളവർ നമ്മോട് സഹകരിക്കാത്തതിന്റെ കാരണം. സാധനങ്ങൾ ചോ ദിച്ചാൽ കൊടുക്കുന്നതിൽ മാത്രമല്ല, ഹോംവർക്ക് ചെയ്യുന്നതിൽ, പാഠഭാഗം പഠിക്കുന്ന തിൽ..... ഇതിലെല്ലാം നാം സഹപാഠികളുമായി സഹകരിക്കുക തന്നെ വേണം.

സംസാരിക്കുമ്പോൾ കയർത്തുസംസാരിക്കരുത്. അൽപം പുഞ്ചിരിയോടു കൂടി സംസാ രിക്കുക. സംസാരത്തിലൂടെ മറ്റുള്ളവരെ വെറുപ്പിക്കാതിരിക്കുക.

മറ്റുള്ളവരുടെ ആവശ്യങ്ങളോട് സഹകരിക്കാനും നല്ല മനസ്സോടെ പെരുമാറാനും നാം ശ്രമിക്കണം. ആരെയും വെറുപ്പിക്കുകയോ നിരാശപ്പെടുത്തുകയോ ഉപദ്രവിക്കുകയോ ചെയ്യ രുത്. കൂട്ടുകാരുമായി ചേർന്ന് മറ്റുള്ളവരെ പരിഹസിക്കരുത്. ഓരോരുത്തരുടെയും അഭിമാ നം അവർക്ക് വലുതാണല്ലോ. അങ്ങനെയായാൽ എല്ലാവരും നമ്മെ വെറുക്കും. അത്തരം കുട്ടികളാണ് സ്കൂളിൽ പരിഹാസപാത്രങ്ങളാകുന്നത്.

## മറ്റുള്ളവരെ പ്രശംസിക്കുക.

പണ്ട് ഒരാൾ ഒരു കള്ളനും ചീത്തനടപടിക്കാരിക്കും തന്റെ ധനത്തിൽനിന്ന് ദാനം നൽകി. ദാനം കിട്ടിയതോടെ അവർ തങ്ങളുടെ തെറ്റിനെപ്പറ്റി ചിന്തിച്ചു. ഒടുവിൽ അവർ തെറ്റ് തിരു ത്തി നല്ലവരായി ജീവിച്ചു.

ഒരു കഥയുടെ ചുരുക്കമാണിത്. ഇതിൽ നമുക്ക് ചില പാഠങ്ങളുണ്ട്.

നമ്മുടെ സഹപാഠികളെയോ കൂട്ടുകാരെയോ ആരെങ്കിലും കുറ്റം പറയുന്നതു കേട്ടാൽ അത് ശരിയാണെങ്കിൽ പോലും ആ കുറ്റം പറയലിൽ നാം സഹകരിക്കരുത്. മാത്രവുമല്ല, കൂട്ടുകാരെ പറ്റി നല്ലത് വിചാരിക്കുകയും പറയുകയും വേണം. അതുകൊണ്ട് നമുക്ക് നഷ്ട മൊന്നുമില്ല. ക്ലാസ്സിൽ വെച്ച് അധ്യാപകൻ ഏതെങ്കിലും കുട്ടിയെ വിമർശിക്കുകയും കിട്ടിയ സന്ദർഭം ഉപയോഗിച്ചു മറ്റുള്ളവർ ''അവൻ എപ്പോഴും അങ്ങനെയാ സാറേ'' എന്ന് വിളിച്ചു പറയും ചെയ്യുമ്പോൾ അതിൽ സഹകരിക്കരുത്. അത് ആ കുട്ടിയെ ഏറെ വേദനിപ്പിക്കും. വിമർശിക്കപ്പെടുന്ന കൂട്ടുകാരെപ്പറ്റി അവർ ഗുരുതരമായ കുറ്റം ചെയ്തവരാണെങ്കിൽ അതെ പറ്റി മൗനം പാലിക്കുകയും അവരോട് സഹതപിക്കുകയുമാണ് വേണ്ടത്. അവൻ മോശക്കാ രനാണെങ്കിൽ നിങ്ങളുടെ നല്ല സംസാരം ഒരു പക്ഷേ, അവനെ നല്ലവനാകാൻ പ്രേരിപ്പി ച്ചേക്കാം.

മറ്റുള്ളവരെക്കുറിച്ച് കെടുത്തു പറയാതിരുന്നാൽ അവർ നമ്മെയും കുറ്റം പറയുകയില്ല. അവരുമായി നല്ല ബന്ധം സ്ഥാപിക്കാനും നമുക്ക് സാധിക്കും.

നാം ആ രെയും നിരൂപണം ചെയ്യരുത്. അത് നമുക്കു തന്നെ ദോഷമായി മാറും. ആരു ടെയും കുറ്റത്തിൽ ഇടപെടരുത്. അത് നമുക്കു തന്നെ വിപത്തായി മാറും. മറ്റുള്ളവരെ പറ്റി നല്ലത് വിചാരിക്കുകയും പറയുകയും ചെയ്യുക. അവർ നമ്മെയും പ്രശംസിക്കുകയും നല്ലത് പറയുകയും ചെയ്യും.

## കൂട്ടുകാരെ വീടുകളിലേക്ക് ക്ഷണിക്കുക

കൂട്ടുകാരുമായി ക്ലാസ്സിൽ/സ്കൂളിൽ വെച്ചുള്ള പരിചയം ശക്തവും ഊഷ്മളവുമാകണം. അതിനായി ഇടക്കിടെ അവരെ സ്വന്തം വീടുകളിലേക്ക് ക്ഷണിക്കുകയും ഇടക്ക് അവരുടെ വീടുകളിലേക്ക് പോവുകയും വേണം. നിങ്ങളുടെ കൂട്ടുകാരെക്കുറിച്ചു ധാരണ രക്ഷിതാക്കൾ ക്ക് ഉണ്ടാകൽ നിർബന്ധമാണ്. നിങ്ങൾ ആരുമായി കൂട്ടുചേരുന്നു, എവിടെ പോകുന്നു, എപ്പോൾ വരുന്നു, എന്ത് ചെയ്യുന്നു, കൂട്ടുകാരോടൊത്ത് എങ്ങനെ സമയം ചെലവഴിക്കുന്നു തുടങ്ങിയ കാര്യങ്ങൾ അറിയാനുള്ള അവകാശം രക്ഷിതാക്കൾക്കുണ്ട്. അതിനാൽ തന്നെ സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധം ശക്തമാക്കാനെന്ന പോലെ അത് പരിധി വിടാതിരിക്കു വാനും വിശുദ്ധമായി നിലനിൽക്കുവാനും രക്ഷിതാക്കൾ അറിഞ്ഞുകൊണ്ടുള്ള ഗൃഹസന്ദർ ശനം ആവശ്യമാണ്.

വീട്ടിലേക്ക് വരുമ്പോൾ അവരെ കൂടുതൽ ആദരിക്കണം. അവരുടെ ആവശ്യങ്ങൾ കണ്ട റിയണം. തന്റെ സാധനങ്ങൾ അവരെ കാണിച്ചു അഭിപ്രായം ചോദിക്കണം. അവരുടെ അഭി പ്രായങ്ങൾ സ്വീകരിക്കണം. ഇത് നിങ്ങളുടെ കാര്യങ്ങളെ കൂടുതൽ നന്നായി ചെയ്യുവാൻ നിങ്ങൾക്ക് പ്രേരണ നൽകും. ക്ലാസ്സിനെ പറ്റിയും പഠിക്കുന്നതിനെപറ്റിയും ഈ സന്ദർശന ങ്ങളിൽ ചർച്ചയാകാം.

കൂട്ടുകാരുടെ ടെലഫോൺ നമ്പറുകളും വീട്ടിൽ സൂക്ഷിക്കണം. അത് എപ്പോഴും ഉപകാര പ്പെടാം. പാഠഭാഗങ്ങളെ പറ്റി ചോദിക്കുവാൻ, ഹോംവർക്കുകൾ ചർച്ച ചെയ്യുവാൻ തുടങ്ങി പല ആവശ്യങ്ങളും അതുകൊണ്ടുണ്ടാകാം.

നിങ്ങളുടെ കൂട്ടുകാരെപ്പറ്റി വീട്ടുകാർ അറിയുന്നതിൽ ഒട്ടും പ്രയാസം തോന്നരുത്. അത് നിങ്ങളുടെ ഭാവിക്കും സുരക്ഷക്കും നല്ലതാണ്. വീട്ടിൽ പറയാതെ നിങ്ങൾ കൂട്ടുകാരുടെ വീട്ടിൽ പോവുകയും രാത്രിയായിട്ടും വീട്ടിൽ തിരിച്ചെത്താതിരിക്കുകയും ചെയ്താൽ നിങ്ങ ളെ സ്നേഹിക്കുന്ന രക്ഷിതാക്കൾക്കുണ്ടാകുന്ന വേവലാതിയും വേദനയും എത്രയായിരിക്കു മെന്ന് ഓർത്തുനോക്കൂ. അതിനാലാണ് കൂട്ടുകാരെ വീട്ടുകാർക്കു കൂടി പരിചയപ്പെടുത്തൽ ആവശ്യമാണെന്ന് പറഞ്ഞത്.

## കഴിവുകളെ ഒളിപ്പിച്ചുവെക്കരുത്.

എന്തെങ്കിലും തരത്തിലുള്ള കഴിവുകൾ ഇല്ലാത്തവർ ആരുമില്ല. നൈസർഗികമായി പലവിധ ത്തിലുള്ള കഴിവുകളും ദൈവം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്. കലാ-സാഹിത്യ കഴിവുകൾ, കായികമേന്മ, സാങ്കേതിക വിദ്യ തുടങ്ങി പല രീതിയിലും കഴിവുകളുള്ള പലരെയും നമു ക്കിടയിൽ കാണാം. ഒരു സമൂഹത്തിന്റെ വളർച്ചക്ക് ദൈവം നിശ്ചയിച്ച സംതുലനരീതി യാണത്. ഈ കഴിവുകൾ എല്ലാം കൂടി ഉപയോഗപ്പെടുത്തുമ്പോഴാണ് സമൂഹം വളരുക. ആരെങ്കിലും അത് തടസ്സപ്പെടുത്തിയാൽ സമൂഹം തളരും. ഒരു ഡോക്ടർ തന്റെ ജോലിയിൽ അലസനാവുകയും അയാൾ രോഗികളെ പരിശോധിക്കാതിരിക്കുകയും ചെയ്താൽ അതിന്റെ പ്രയാസം സമൂഹം അനുഭവിക്കേണ്ടിവരും. ഇതുതന്നെയാണ് എല്ലാറ്റിന്റെയും സ്ഥിതി.

കഴിവുകൾ പെട്ടൊന്നൊരു ദിവസം ഉണ്ടാകുന്നതല്ല. അത് ജന്മസിദ്ധമാണ്. പക്ഷേ, ദിനേന യുള്ള പ്രാക്റ്റീസാണ് അതിനെ വലുതാക്കുന്നതും നാം അക്കാര്യത്തിൽ പ്രൊഫഷണലുക ളാകുന്നതും. ഉള്ള കഴിവിനെ മടിയുടെ പേരു പറഞ്ഞ് ഒളിപ്പിച്ചു വെച്ചാൽ അത് നശിച്ചുപോ വുകയേ ഉള്ളൂ.

കഴിവുകളുടെ പേരിലാണ് വ്യക്തികൾ അറിയപ്പെടുന്നത്. അംഗീകാരം തേടിയെത്തുന്ന തും അതിലൂടെയാണ്. കഴിവുകളെ നശിപ്പിച്ചാൽ വ്യക്തി ഒന്നുമല്ലാതാകും. നിങ്ങളുടെ കഴിവു കൾ നശിക്കുന്നതുകൊണ്ടുള്ള നഷ്ടം നിങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കില്ല. അത് സമൂഹത്തി നും വലിയ നഷ്ടമുണ്ടാക്കും. കാരണം, സമൂഹത്തിന്റെ വളർച്ചക്കു വേണ്ടിയാണ് ദൈവം അത് നിശ്ചയിച്ചു തന്നത് എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. അതിനാൽ ഉള്ള കഴിവുകളെ വളർത്തിയെടുക്കുക. അതിനായി കിട്ടുന്ന എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തുക. അക്കാ ര്യത്തിൽ അലസതയും മടിയും പേടിയും ഒഴിവാക്കുക.

## ഉയർച്ചയെപ്പറ്റി ആലോചിക്കുക

നിങ്ങൾ ദിനേന ക്ലാസ്സിൽ പോകുന്നു, പഠിക്കുന്നു, പരീക്ഷ എഴുതുന്നു, വർഷാവർഷം ക്ലാസ്സ് പ്രൊമോഷൻ കിട്ടുന്നു.....

ജീവിതം ഇങ്ങനെ പോയാൽ പോരാ. കൂടുതൽ ഉന്നതി നേടാൻ പരിശ്രമിക്കണം. ആയു സ്സിന്റെ ഒരു ഘട്ടത്തിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. ആഗ്രഹമാണ് വലുത്. അതിന് ഇഛാശക്തി എന്നു പറയുന്നു. ആഗ്രഹിച്ചതുകൊണ്ട് കാര്യമില്ല, അദ്ധ്വാനം കൂടി അനിവാര്യ മാണ്. തനിക്ക് അതാകണം, ഇതാകണം എന്ന ആഗ്രഹം നേരത്തെ മനസ്സിൽ ഉറപ്പിക്കണം. അതിനനുസരിച്ച് പരിശീലനം തുടങ്ങണം. തന്നിലുള്ള കഴിവുകൾക്കനുസരിച്ചുവേണം ആ വഴിയിൽ പ്രവേശിക്കുവാൻ.

ചെറുപ്പത്തിൽ തന്നെ പല രംഗത്തും കഴിവുകൾ തെളിയിച്ചു ലോകശ്രദ്ധ പിടിച്ചുപറ്റിയ എത്ര കുട്ടികളുണ്ട് ചരിത്രത്തിൽ? അവരൊക്കെ അദ്ധ്വാനവും പരിശ്രമവും കൊണ്ടാണ് വളർ ന്നു വലുതായത്.

ഏറെ അദ്ധ്വാനം ആവശ്യമായ കാര്യമാണ് എന്നുവെച്ച് എല്ലാ ആഗ്രഹവും വെടിഞ്ഞ് അ ലസനായി ജീവിക്കുകയൊന്നും വേണ്ട. ചെറുപ്പത്തിലെ അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടുക ളുടെയും ഫലമാണ് ഇന്ന് ഉന്നതിയിൽ നിൽക്കുന്നവർ ആ നിലയിൽ എത്തിപ്പെട്ടതെന്ന് നാം ഓർക്കുക.

പഠിക്കുന്ന ഇക്കാലത്തു വേണം അത്തരം തീരുമാനങ്ങൾ കൈക്കൊള്ളുവാൻ. എത്ര പ്രയാസപ്പെട്ടാലും വേണ്ടില്ല, എനിക്ക് ഡോക്ടറാകണം, സാഹിത്യകാരനാകണം, സംഗീത ജ്ഞനാകണം എന്ന് ദൃഢനിശ്ചയത്തോടെ ജന്മസിദ്ധമായ കഴിവുകൾക്കനുസരിച്ച വഴി തിരഞ്ഞെടുക്കുക. എന്നിട്ട് അതിനനുസരിച്ച് പരിശ്രമിക്കുക. അതിന് ആരുടെയെല്ലാം സഹക

രണം ആവശ്യമാണോ അവരുടെ യെല്ലാം സഹായം തേടണം. പിൽക്കാലത്ത് നിങ്ങളുടെ വളർച്ചയിൽ അവർക്ക് അഭിമാനം തോന്നിയേക്കം.

ഇതൊക്കെ നിങ്ങളുടെയെന്ന പോലെ സമൂഹത്തിന്റെയും വളർച്ചക്ക് ആവശ്യമായ കാര്യങ്ങളാകുന്നു.

## ധീരത പ്രകടിപ്പിക്കുക

ചില കുട്ടികൾക്ക് ക്ലാസ്സിൽ വെച്ച് പല സംശയങ്ങളുമുണ്ടാകും. പാഠം മനസ്സിലായില്ലെന്നു വരാം. എന്നാൽ അതെപ്പറ്റി അധ്യാപകരോട് ചോദിക്കാൻ അവർക്ക് ഭയമാണ്. സ്കൂളിൽ പല പരിപാടികളും സംഘടിപ്പിക്കാറുണ്ടല്ലോ. നമ്മുടെ കഴിവുകൾ പ്രകടിപ്പിക്കാൻ പറ്റിയ ധാരാളം സന്ദർഭങ്ങൾ അതിലെല്ലാം ഉണ്ടാകാം. എന്നാൽ പല കുട്ടികൾക്കും ഈ രംഗത്തേക്ക് വരാൻ ഒരുതരം പേടിയാണ്. മറ്റുള്ളവർ എന്തു കരുതും എന്ന ഒരു തോന്നൽ. അത് ശരിയല്ല. ഈ ഭയം നാം കളയുകതന്നെ വേണം. അല്ലാതിരുന്നാൽ നമുക്ക് മുമ്പിൽ തുറന്നു വെച്ച പല വാതിലുകളിലൂടെയും നമുക്ക് കയറാൻ സാധിക്കുകയില്ല. പേടിയും അലസതയും നമ്മെ പരാജിതരാക്കും.

ഒരു കാര്യത്തിലും ഭയം അരുത്. നിങ്ങൾ ചോദ്യം ചോദിക്കുന്നത് അധ്യാപകരെ തൃപ്തരാക്കുകയേ ഉള്ളു. അത്തരം കുട്ടികളോട് അവർക്ക് വലിയ ഇഷ്ടമായിരിക്കും. ഭയമില്ലാതെ കാര്യങ്ങളെ നേരിടുക. അതു മുന്നോട്ടുള്ള വഴിയിൽ നമ്മെ സഹായിക്കും ഭയത്തോടെ കാര്യങ്ങളെ സമീപിക്കുന്നവർക്ക് ഒട്ടും വിജയിക്കാൻ സാധിക്കുകയില്ല.

ചോദ്യം ചോദിക്കാനും സംശയങ്ങൾ തീർക്കുവാനും നാം തികഞ്ഞ തന്റേടം കാണിക്കണം. കാരണം, അത് നമ്മുടെ ഭാവിയുമായി ബന്ധപ്പെട്ട കാര്യമാണ്. അതിന്റെ അഭാവത്തിൽ നാം ക്ലാസ്സിന്റെ മൂലയിൽ ഒതുങ്ങുന്ന ആരുമല്ലാതായി മാറും.

## കൂട്ടുകാർക്കിടയിൽ സ്ഥാനം നേടിയെടുക്കുക

നേരത്തെ ഇഛയെപറ്റി പറഞ്ഞു. ആഗ്രഹവും അതിനനുസരിച്ച അധ്വാനവുമുണ്ടെങ്കിൽ സാധിക്കാത്ത കാര്യങ്ങൾ ഒന്നുമില്ല. എന്തുകൊണ്ട് നിങ്ങൾക്ക് പഠനകാര്യത്തിൽ, സ്വഭാവത്തിൽ കൂട്ടുകാർക്കിടയിൽ ഒന്നാമനായിക്കൂടാ?

പഠനത്തിൽ ഏറ്റവും യോഗ്യനെന്ന് നിങ്ങൾക്കു ബോധ്യപ്പെട്ട കുട്ടിയെ മാതൃകയാക്കുക. അവന്റെ രീതികൾ എന്തൊക്കെയെന്ന് മനസ്സിലാക്കുക. അത് അനുകരിക്കാൻ ശ്രമിക്കുക.

സ്വഭാവത്തിൽ നല്ലവനെന്ന് തോന്നുന്ന കുട്ടി ഏതെന്ന് കണ്ടെത്തുക. അവനുമായി ചങ്ങാത്തത്തിലാകുക. അവന്റെ സ്വഭാവസവിശേഷതകൾ പഠിക്കുക. അതുപോലെ അനുകരിച്ചു നോക്കൂ. പല കാര്യങ്ങളിലും മനസ്സു വെച്ചാൽ മറ്റുള്ളവരെ നമുക്ക് മറികടക്കാൻ സാധിക്കും. പക്ഷേ, അദ്ധ്വാനിക്കാൻ നാം ഒരുക്കമാണോ എന്നതാണ് പ്രശ്നം. മടിയന്മാർ ആഗ്രഹിക്കുക മാത്രമേ ചെയ്യുകയുള്ളു. അവർക്ക് ഒന്നും നേടാൻ സാധിക്കുകയില്ല.

അധ്യാപകരെ അനുസരിക്കുന്നതിലും സ്കൂളിന്റെ അച്ചടക്കം കാത്തുസൂക്ഷിക്കുന്നതിലുമെല്ലാം വേണം ഈ മനസ്സ്.

ഒർത്ഥത്തിൽ ആഗ്രഹങ്ങളൊന്നും കിട്ടാക്കനിയല്ല. അവ കൈയെത്താപ്പുറത്തുമല്ല. അധ്വാനത്തെ ആശ്രയിച്ചാണ് അവ കരസ്ഥമാക്കാൻ സാധിക്കുക.

## കുഴപ്പക്കാരിൽനിന്ന് അകന്നുമാറുക.

അലസരും മടിയന്മാരുമായ ധാരാളം കുട്ടികൾ സ്കൂളിൽ ഉണ്ടാകാം. ചെറിയ പ്രശ്നങ്ങൾ ഉണ്ടായാൽ അതിന്റെ പേരിൽ വക്കാണവും അടിപിടിയുമായി നടക്കൽ അവരുടെ രീതിയായിരിക്കും. പഠിക്കുവാനല്ല, നേരമ്പോക്കിനായിരിക്കും അത്തരക്കാർ സ്കൂളിൽ വരുന്നത്. നല്ല കുട്ടികളെ അവർ മോശക്കാരാക്കി മാറ്റും. അധ്യാപകരെ അനുസരിക്കുന്നതിലും ഹോംവർക്കുകൾ ചെയ്യുന്നതിലും അവർ മോശക്കാരായിർക്കും. പുകവലി പോലുള്ള തകരാറുകളും അവർ കൂടെ കൊണ്ടു നടക്കുന്നുണ്ടാകാം. ഇഷ്ടമില്ലാത്തെ ക്ലാസുകൾ കട്ട് ചെയ്യുവാനും അവർക്ക് ഒട്ടും മടിയുണ്ടാകില്ല. ഇത്തരം കുട്ടികൾക്ക് ശരിയായ ദിശാബോധം നൽകിയാൽ നല്ലവരായി മാറും. അതിന്റെ അഭാവത്തിലാണ് അവർ കുഴപ്പക്കാരായി മാറുന്നത്.

ഇത്തരം കുട്ടികളിൽനിന്ന് കഴിവതും അകന്നു കഴിയുക. അവരോടൊത്തുള്ള ചങ്ങാത്തം നിങ്ങളുടെ പഠനത്തിലും സ്വഭാവത്തിലും അച്ചടക്കത്തിലുമെല്ലാം സ്വാധീനിക്കുകയും ഒടുവിൽ നിങ്ങളുടെ ഭാവി ഇരുളടഞ്ഞതായി മാറുകയും ചെയ്യും.

## വിശ്വസ്തനാകുക

ഇത് മനുഷ്യസ്വഭാവത്തിന്റെ ഭാഗമാകുന്നു. സ്വഭാവം നന്നാകാതെ എത്ര വലിയവനായിട്ടും കാര്യമില്ല. ജനം അവഗണിക്കുകയേ ഉള്ളൂ.

നിങ്ങൾ വിശ്വസ്തനാണെങ്കിൽ നിങ്ങൾക്ക് എല്ലായിടത്തും സ്ഥാനമുണ്ടായിരിക്കും. ആരുടെ ഏത് പ്രശ്നവും നിങ്ങൾക്ക് കൈകാര്യം ചെയ്യാം. എല്ലാവരും നിങ്ങളെ ആദരിക്കുകയും ആശ്രയിക്കുകയും ചെയ്യും.

കൂട്ടുകാർക്കിടയിൽ വിശ്വസ്തനാകുക തന്നെ വേണം. അവനെ വിശ്വസിക്കാം എന്ന് മറ്റുള്ളവർക്ക് തോന്നിയാൽ അവർ നിങ്ങളുടെ കൂടെയുണ്ടായിരിക്കും.

വിശ്വസ്തത എന്നത് സ്വഭാവത്തിന്റെ ഒരു ഭാഗം മാത്രമാകുന്നു. വിശ്വസ്തനായിക്കഴിഞ്ഞാൽ സ്വഭാവത്തിന്റെ ബാക്കിയെല്ലാം താനെ ശരിയാകും.

ഏത് സ്വഭാവം ആർജിച്ചാലും ശരി നമുക്ക് വലിയവനാകാം. പക്ഷേ, സമൂഹം നമുക്ക് വില കൽപ്പിക്കുന്നത് നാം ആർജിക്കുന്ന സ്വഭാവത്തിനനുസരിച്ചാണ്. അവൻ കള്ളം പറയുന്നവനാകുന്നു എന്ന് ആരെങ്കിലും നിങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുത്താൽ അതിന് പല തകരാറുമുണ്ട്. നിങ്ങൾ ചെല്ലുന്നിടത്തെല്ലാം ആളുകൾ നിങ്ങളെ സംശയത്തോടെയായിരിക്കും വീക്ഷിക്കുക. അത് നിങ്ങൾക്കും രക്ഷിതാക്കൾക്കും ഏറെ പ്രയാസമുണ്ടാക്കും. നിങ്ങൾക്ക് പല നഷ്ടങ്ങളും സംഭവിക്കും.

## പ്രാർഥന പതിവാക്കുക.

ഈശ്വരവിശ്വാസം ഇല്ലാത്തവർ നമ്മിൽ ആരുമുണ്ടാകില്ല. താൻ വിശ്വസിക്കുന്ന ദൈവം തന്നെ അനുഗ്രഹിക്കണമെന്ന ആഗ്രഹഹിക്കുന്നവരാണെല്ലാവരും. എല്ലാം ആ ശക്തിയുടെ കൈകളാൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ് നാം വിശ്വസിക്കുന്നത്.

നാം എത്ര തന്നെ കഴിവുള്ളവരായാലും വലിയവരായാലും ശരി ദൈവത്തിന്റെ അനുഗ്രഹമില്ലാതെ നമുക്ക് ഒന്നും ചെയ്യാനാകില്ല. അതിനാൽ നമ്മുടെ വിജയത്തിനായി നാം അധ്വാനിക്കുകയും അതോടൊപ്പം പ്രാർഥിക്കുകയും വേണം. അധ്വാനമില്ലാത്ത പ്രാർഥനക്ക് പ്രയോജനം കിട്ടുകയില്ലെന്ന് നാം പ്രത്യേകം മനസ്സിലാക്കണം.

പ്രാർഥനയോടൊപ്പം സ്വഭാവവും പെരുമാറ്റവും നന്നാക്കണം.

ഈശ്വരപ്രാർഥന മുടങ്ങരുത്. അവനെ സ്മരിച്ചെങ്കിൽ മാത്രമേ അവൻ നമ്മെയും ഓർക്കുകയുള്ളു. അവൻ നമ്മെ ഓർത്താൽ നമ്മുടെ കാര്യങ്ങളെല്ലാം ശുഭമായി മാറും.

മുതിർന്നവരുടെ പ്രാർഥനയെക്കാൾ വേഗം കുട്ടികളുടെ പ്രാർഥനയാണ് ദൈവം സ്വീകരിക്കുക. അതിനാൽ തെളിഞ്ഞ മനസ്സോടെ നിത്യേന ദൈവത്തോട് പ്രാർഥിക്കുക.